കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 19/2023

09.08.2023

# സംഘടനാ പ്രതിനിധികൾ ചെയർമാനുമായി ചർച്ച നടത്തി

സഖാക്കളെ,

കോട്ടയത്ത് വച്ച് നടന്ന അഞ്ചാമത് സംസ്ഥാന സമ്മേളനം തെരഞ്ഞെടുത്ത സംഘടനാ ഭാരവാഹികൾ ബാങ്ക് ചെയർമാനുമായി ചർച്ച നടത്തി. ജൂലൈ 22, 23 തീയതികളിലായി നടന്ന സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ പ്രതിനിധി സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വിഷയങ്ങളാണ് ചെയർമാനുമായിട്ടുള്ള ചർച്ചയിൽ നാം പങ്കുവെച്ചത്. സംഘടനയെ പ്രതിനിധീകരിച്ചുകൊണ്ട് രണ്ടു ജനറൽ സെക്രട്ടറിമാർ, രണ്ടു പ്രസിഡന്റുമാർ, കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ, വനിതാ സബ് കമ്മിറ്റി കൺവീനർ, OU അസിസ്റ്റന്റ് ജനറൽ സെക്രട്ടറി, AIRRBEA അഖിലേന്ത്യാ പ്രസിഡന്റ് എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. ചെയർമാനെ കൂടാതെ HR ജനറൽ മാനേജരും ചർച്ചയിൽ ഉണ്ടായിരുന്നു.

**ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ**

**ജോയിന്റ് കോൺഫറൻസ് :**

2019 ന് ശേഷം ഒരു ജോയിന്റ് കോൺഫറൻസ് മിനുട്സ് പോലും പുറത്തിറക്കാൻ സാധിക്കാത്തത് മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും ജീവനക്കാരോടുള്ള വെല്ലുവിളിയുമായാണ് കാണുന്നതെന്ന് യൂണിയൻ പ്രതിനിധികൾ ചെയർമാനെ ധരിപ്പിച്ചു. ചർച്ച പൂർത്തീകരിച്ച് ജോയിന്റ് കോൺഫറൻസിന്റെ മിനുട്സ് ഉടൻ പുറത്തിറക്കി, പുതിയ ജോയിന്റ് കോൺഫറൻസ് ഏറ്റവും അടുത്ത ദിവസം തന്നെ നടത്താമെന്ന് ചെയർമാൻ ഉറപ്പുനൽകി. അതിനായി, ബന്ധപ്പെട്ട ജനറൽ മാനേജർക്ക് നിർദേശവും നൽകി.

**സമരം ചെയ്ത ജീവനക്കാരുടെ പ്രൊബേഷൻ നീട്ടിയ വിഷയം:**

പ്രസ്തുത വിഷയത്തിൽ മാനേജ്മെന്റ് നിയമവിരുദ്ധമായാണ് പെരുമാറുന്നതെന്ന് യൂണിയൻ പ്രതിനിധികൾ സൂചിപ്പിച്ചു. സമരം ചെയ്യുന്നവരും അല്ലാത്തവരും തമ്മിൽ എന്തെങ്കിലും ഒരു വ്യത്യാസം ഉണ്ടാക്കാൻ വേണ്ടിയാണ് ചിലരുടെ പ്രൊബേഷൻ നീട്ടിയതെന്ന ദുർബലമായ വാദമാണ് മാനേജ്മെന്റ് മുന്നോട്ടുവച്ചത്. വാദം ദുർബലമെങ്കിലും ജീവനക്കാരെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള കൃത്യമായ അജണ്ടയുടെ ഭാഗമാണ് ഇത് എന്ന് വളരെ വ്യക്തമാണ്.

സർവ്വീസ് റെഗുലേഷന്റെയോ രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും നിയമത്തിന്റെയോ അടിസ്ഥാനത്തിലാണോ ഇക്കാര്യം ചെയ്തതെന്ന യൂണിയൻ പ്രതിനിധികളുടെ ചോദ്യത്തിന് ചെയർമാന് ഉത്തരം ഉണ്ടായിരുന്നില്ല. ഇതര സംഘടനാ അംഗങ്ങളായ ജീവനക്കാരുടേതുൾപ്പടെ നിരവധി ജീവനക്കാരുടെ പ്രൊബേഷൻ, സമരത്തിന്റെ പേരിൽ നീട്ടിവെച്ച വിഷയം ഉടൻ പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രതികരണം സംഘടനയുടെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്ന് കൃത്യമായി സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസം തന്നെ അതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി തീരുമാനം ഉണ്ടാക്കാം എന്ന് അദ്ദേഹം അറിയിക്കുകയും അതിനായി ജനറൽ മാനേജർക്ക് നിർദേശം നൽകുകയും ചെയ്തു.

**അക്കൗണ്ടബിലിറ്റി:**

ജീവനക്കാർക്കുമേൽ ചുമത്തുന്ന അക്കൗണ്ടബിലിറ്റി തുക, ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി, അത് ഫിക്സഡ് ഡെപ്പോസിറ്റ് ആയി മാറ്റുകയും, ഭാവിയിൽ ആ തുക ഇടപാടുകാരിൽ നിന്നും തിരിച്ചുപിടിക്കാൻ സാധിച്ചാൽ അത് ജീവനക്കാരന് തിരിച്ചു നൽകുകയും ചെയ്യുന്ന രീതിയാണ്

നിലവിൽ തുടരുന്നത്. എന്നാൽ യാതൊരു കാരണവും കൂടാതെ ഈ രീതിയിൽ മാറ്റം വരുത്താനാണ് ഇപ്പോൾ മാനേജ്മെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇതുപ്രകാരം, ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തുക നേരിട്ട് കമ്മീഷൻ അക്കൗണ്ടിലേക്ക് മാറ്റുകയും, പിന്നീട് പണം ഇടപാടുകാരിൽ നിന്ന് തിരിച്ചു പിടിച്ചാൽ പോലും അത് ജീവനക്കാരന് ലഭ്യമാകാത്ത രീതിയിലേക്ക് മാറുകയും ചെയ്യും. വളരെ ശക്തമായ ഭാഷയിൽ സംഘടന ഇതിനെ എതിർത്തു. പുതിയ അക്കൗണ്ടബിലിറ്റി പോളിസി implement ചെയ്യാനുള്ള നീക്കത്തിലാണ് മാനേജ്മെന്റ്. വരുന്ന ഡയറക്ടർ ബോർഡ് മീറ്റിംഗിൽ ഇത് അജണ്ടയായി വെക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്തിട്ടില്ല എന്നറിഞ്ഞ ചെയർമാൻ അതിനുള്ള കാരണം എന്താണെന്ന് ആരാഞ്ഞെങ്കിലും കൃത്യമായ മറുപടി ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ യൂണിയനുമായി പ്രത്യേക ചർച്ച നടത്തണമെന്ന് ചെയർമാൻ സമ്മതിക്കുകയും അതിന് നിർദേശം നൽകുകയും ചെയ്തു.

**ആശ്രിത നിയമനം:**

ബാങ്ക് പുറത്തിറക്കിയ സർക്കുലർ പ്രകാരമുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിച്ച് ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷകൾ പോലും മാനേജ്മെന്റ് നിരസിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇത് അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ നടപടിയാണെന്നകാര്യം യൂണിയൻ പ്രതിനിധികൾ, ചെയർമാനെ ധരിപ്പിച്ചു. OATD തസ്തികയിൽ ഒഴിവില്ല, വാർഷിക വരുമാനം കൂടുതലാണ് തുടങ്ങിയ കാരണങ്ങൾ കാണിച്ച് നിരസിച്ച അപേക്ഷകൾ, under processing എന്ന പേരിൽ ഒരു വർഷത്തോളമായി പൂഴ്ത്തി വച്ച അപേക്ഷകൾ തുടങ്ങിയ വിഷയങ്ങൾ അകാലത്തിൽ ജീവനക്കാർ മരണപ്പെടുകയാണെങ്കിൽ മാനേജ്മെന്റ് കൂടെയുണ്ടാവില്ല എന്ന കൃത്യമായ സൂചനയാണ് നൽകുന്നത് എന്നതിനാൽ അവരുടെ കുടുംബത്തെ സംരക്ഷിക്കാൻ സംഘടന പ്രക്ഷോഭരംഗത്തിറങ്ങാൻ തീരുമാനിച്ച വിവരം നാം ചെയർമാനെ അറിയിച്ചു. മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി ആഗസ്റ്റ് 24ന് ഹെഡ് ഓഫീസിനു മുന്നിൽ ധർണ്ണ നടത്താൻ തീരുമാനിച്ചതും തീരുമാനം ഉണ്ടാവുന്നില്ലെങ്കിൽ അനിശ്ചിതകാലത്തേക്ക് ഉപവാസ ധർണ്ണ നടത്താനാണ് തീരുമാനമെന്നും ഇത് ചൂണ്ടിക്കാട്ടി അടുത്ത ദിവസം പത്രസമ്മേളനം ചേരുന്നുണ്ടെന്നും നാം അദ്ദേഹത്തെ അറിയിച്ചു.

ഇക്കാര്യത്തിൽ ഓഗസ്റ്റ് 25 വരെ സമയം നൽകണമെന്ന് ചെയർമാൻ സംഘടനയോട് ആവശ്യപ്പെട്ടു. അപേക്ഷകൾ പരിശോധിച്ച് തീർപ്പുണ്ടാക്കണമെന്നും, financial criteria പാലിക്കുന്ന വിഷയങ്ങളിൽ അനുകൂലമായ നിലപാട് എടുക്കണമെന്നും ചെയർമാൻ ജനറൽ മാനേജർക്ക് കർശന നിർദ്ദേശം നൽകി. ഈ പശ്ചാത്തലത്തിൽ ആഗസ്റ്റ് 24 ന് നടത്താൻ തീരുമാനിച്ച ധർണ്ണയും തുടർ പ്രക്ഷോഭങ്ങളും അതിനു മുന്നോടിയായുള്ള പത്രസമ്മേളനവും താൽക്കാലികമായി മാറ്റിവച്ചു.

**BC നിയമനം :**

ബിസിനസ് കറസ്പോണ്ടന്റുമാരെ വ്യാപകമായി നിയമിക്കാനുള്ള തീരുമാനം സംഘടനകൾക്ക് നൽകിയ ഉറപ്പിന്റെ ലംഘനമാണെന്ന് നാം ചൂണ്ടിക്കാട്ടി. എന്നാൽ റിസർവ് ബാങ്കിന്റെ നിർദ്ദേശം ഉണ്ടെന്നാണ് ചെയർമാൻ പറഞ്ഞത്. അതുമായി ബന്ധപ്പെട്ട സർക്കുലർ കാണിക്കാൻ പറഞ്ഞപ്പോൾ അതിന് ഉത്തരം ഉണ്ടായിരുന്നില്ല.

പല ബിസിനസ് കറസ്പോണ്ടന്റുമാരും അനധികൃതമായി നിയമിക്കപ്പെടുകയും, ബ്രാഞ്ചിനകത്ത് ഇരിക്കുകയും ചെയ്യുന്ന തെറ്റായ പ്രവണത ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി. ബ്രാഞ്ചിന്റെ 500 മീറ്റർ പരിധിയിൽ ബിസിനസ് കറസ്പോണ്ടന്റുമാർ ഇരുന്ന് ജോലി ചെയ്യുന്നത് ശരിയല്ലെന്ന് ചെയർമാൻ പറഞ്ഞു. പലയിടത്തും ബ്രാഞ്ചിനകത്തും തൊട്ടടുത്തും BC മാർ ഇരിക്കുന്ന വിഷയം നമുക്കേവർക്കും അറിയാവുന്നതാണ്. ഇത് തെറ്റാണെന്ന് ചെയർമാൻ തന്നെ സമ്മതിക്കുന്നു. സാമ്പത്തിക ഉൾചേർക്കലിന് മാത്രമായി റിസർവ്വ് ബാങ്ക് കൊണ്ടുവന്ന ബി.സി നിയമനം തെറ്റായ രീതിയിൽ നമ്മുടെ ബാങ്കിൽ നടപ്പിലാക്കുന്നത് ഏത് വിധേനയും എതിർക്കാൻ സംഘടന തീരുമാനിച്ച വിവരം നാം ചെയർമാനെ ധരിപ്പിച്ചു.

**ദിവസ വേതനക്കാരുടെ വിഷയം:**

ദിവസ വേതനക്കാരുടെ വിഷയം അടുത്ത ബോർഡ് മീറ്റിംഗിൽ ഒരു അജണ്ടയായി കൊണ്ടുവരണമെന്ന് യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ടു. പ്രസ്തുത വിഷയം നിലവിൽ complicated ആണെന്നും ബോർഡ് അംഗങ്ങൾ ഈ വിഷയത്തിൽ വലിയ താല്പര്യമെടുക്കുന്നില്ലെന്നുമുള്ള വാദമാണ് ചെയർ

karline29.deviantart

മാൻ മുന്നോട്ട് വച്ചത്. അഖിലേന്ത്യാടിസ്ഥാനത്തിൽ പൊതുവായ ഒരു മാനദണ്ഡം ദിവസ വേതനക്കാരുടെ വിഷയത്തിൽ വരുന്നത് കാത്തിരിക്കുകയാണെന്നാണ് ചെയർമാൻ പറഞ്ഞത്.

ഈ വിഷയത്തിൽ അനുകൂല തീരുമാനങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ സംഘടന ഉടൻ പ്രക്ഷോഭത്തിലേക്ക് പോകുമെന്നുള്ള താക്കീത് ചെയർമാന് നൽകി.

**29 OATD ജീവനക്കാരുടെ വിഷയം:**

29 OATD ജീവനക്കാരുടെ വിഷയത്തിൽ അപ്പീൽ പോയ മാനേജ്മെന്റ് നിലപാടിനെ സംഘടനാ പ്രതിനിധികൾ വിമർശിച്ചു. ഇത് നേരത്തെ, സംഘടനയും മാനേജ്മെന്റും തമ്മിലുണ്ടാക്കിയ ധാരണയ്ക്ക് വിരുദ്ധമാണ്. അപ്പീൽ പോവുക എന്നുള്ളത് മാനേജ്മെന്റിന്റെ legal right ആണെന്നാണ് ചെയർമാൻ സൂചിപ്പിച്ചത്. എന്നാൽ അതിനെ ധാർമികമായി ചോദ്യം ചെയ്ത സംഘടന, അപ്പീലിന്മേൽ stay order ലഭിക്കാത്തതിനാൽ 29 OATD മാർക്കും മുഴുവൻ ആനുകൂല്യങ്ങളും നൽകി കോടതി വിധി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ആ ആവശ്യത്തോട് അനുകൂലമായല്ല ചെയർമാൻ പ്രതികരിച്ചത്. കോടതിയുടെ തീരുമാനം വരുന്നത് വരെ ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല എന്ന പ്രതികരണമാണുണ്ടായത്.

**IBPS നിയമനം :**

IBPS നിയമനങ്ങൾ നടക്കുമ്പോൾ, റിസർവ് ലിസ്റ്റിൽ നിന്നും കൃത്യമായി ആളുകളെ ലഭിക്കാത്ത വിഷയം വീണ്ടും ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി. ബാങ്ക് പ്രഖ്യാപിച്ച വേക്കൻസികൾ നികത്തുന്ന തരത്തിലുള്ള ഒരു റിസർവ് ലിസ്റ്റ് സമ്പ്രദായമാണ് വേണ്ടത് എന്ന സംഘടനാ നിലപാട് ആവർത്തിച്ചു. ഈ രീതിയിൽ ഔദ്യോഗികമായി തന്നെ ബാങ്ക് ചെയർമാൻ, IBPS ചെയർമാനോട് സംസാരിക്കണമെന്ന് സംഘടനാ പ്രതിനിധികൾ നേരത്തെ തന്നെ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ കഴിഞ്ഞ മീറ്റിംഗിൽ ഈ വിഷയം ചൂണ്ടിക്കാട്ടിയിട്ടുണ്ട് എന്ന് അദ്ദേഹം നമ്മെ അറിയിച്ചു. നാം ആവശ്യപ്പെട്ടതുപ്രകാരമുള്ള തീരുമാനമാണ് IBPS അറിയിച്ചത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ജീവനക്കാരുമായി ബന്ധപ്പെട്ട പല പോളിസി കാര്യങ്ങളിലും അംഗീകൃത സംഘടനകളുമായി ചർച്ച നടത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്ന രീതിയിലുള്ള കടുത്ത അമർഷം സംഘടനാ പ്രതിനിധികൾ ചെയർമാനെ ധരിപ്പിച്ചു. പോളിസികളിന്മേൽ സംഘടനയുമായി ചർച്ച നടത്തണം എന്ന നിർദ്ദേശം ചെയർമാൻ ജനറൽ മാനേജർക്ക് നൽകിയിട്ടുണ്ട്.

ജീവനക്കാരുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ വരുംദിവസങ്ങളിൽ നടക്കുന്ന ജോയിന്റ് കോൺഫറൻസിൽ നാം ഉന്നയിക്കും. തീരുമാനമുണ്ടാകാത്ത പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട്, നാം പ്രക്ഷോഭ രംഗത്തേക്ക് ഇറങ്ങും.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart